# അഞ്ചൽ സിഡിഎസ്

## അഞ്ചൽ സിഡിഎസ്സിന്റെ കോവിഡ് 19 കാലത്തെ പ്രവർത്തനങ്ങൾ.

കൊല്ലം ജില്ലയിൽ കിഴക്കൻമേഖലയിൽ. അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന പട്ടണമാണ് പുനലൂർതാലൂക്കിൽ, അഞ്ചൽ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന അഞ്ചൽ ഗ്രാമപഞ്ചായത്ത്. 24.45 ച:കി:മീ വിസ്തീർണ്ണമുള്ള അഞ്ചൽഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യ31543 ആണ്. ഇവരിൽ ഭൂരിഭാഗവും ചെറുകിയ നാമമാത്ര കർഷകരും, കച്ചവടക്കാരുമാണ്. "അഞ്ചു ചൊല്ലുകളുടെ നാട്" എന്ന പ്രശസ്തമായ പട്ടണം അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഏറ്റവും തിരക്കേറിയ പട്ടണമാണ്.

അഞ്ചൽ പഞ്ചായത്തിൽ2000-ൽ ആണ് കുടുംബശ്രീ സിഡിഎസ് പ്രവർത്തനം ആരംഭിക്കുന്നത്. 326 അയൽക്കൂട്ടങ്ങളും, 19 എ.ഡി.എസ്സും ഉൾപ്പെട്ടതാണ് അഞ്ചൽപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്സ്.സ്ത്രീ പുരുഷ സമത്വമെന്ന ചിന്തകൾക്ക് അതീതമായി കുടുംബത്തിലും, സമൂഹത്തിലും പുരുഷനൊപ്പം സാമൂഹിക പ്രതിബദ്ധതയും, ചിന്താശേഷിയുമുള്ള ഒരു സ്ത്രീ സമൂഹത്തെ വാർത്തെടുക്കാൻഅഞ്ചൽസി.ഡി.എസ്സ് പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

നിലവിൽ 326 അയൽക്കൂട്ടങ്ങൾസി.ഡി.എസ്സി.ൽ പ്രവർത്തുക്കുന്നുണ്ട്. 40 സംഘ കൃഷി യൂണിറ്റുകളും 29 സംരംഭക യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. കുട്ടികളിലെ പ്രതിഭയെ കണ്ടെത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും പത്തോളം ബലസഭകൾ വിവിധ വാർഡുകളിലായി പ്രവർത്തിച്ചു വരുന്നു. സമുഹത്തിലെ അവശരായ വ്യക്തികൾക്ക് വേണ്ടിയുള്ള അഗതി രഹിത കേരളം പദ്ധതിയിൽ 167 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

കോവിഡ് 19 എന്ന മഹാമാരി നമ്മുടെ നാട്ടിൽഎത്രകാലം നീളുമെന്നോ എപ്പോൾ ശമിക്കുമെന്നോ പറയാനാകാത്ത സാഹചര്യത്തിൽ പോലും ഇതിനെതിരെ സി.ഡി.എസ്സ് നടത്തുന്ന പ്രവർത്തനങ്ങൾഎടുത്തു പറയേണ്ടതാണ്.

## 1.ബോധവൽക്കരണ പ്രവർത്തനങ്ങൾ.

- പഞ്ചായത്തിലെ എല്ലാ വാർഡുകളിലും, ഹെൽത്ത് ഡിപ്പാർട്ടുമെന്റും, കുടുംബശ്രീയുമായി സംയോജിച്ച് കോവിഡ്-19 ബോധവൽക്കരണക്ലാസ്സുകൾനടത്തി.
- ഓരോ വാർഡുകളിലേയും, വീടുകൾ ആശാപ്രവർത്തകർ, എ.ഡി.എസ്സ് അംഗങ്ങൾ എന്നിവർസന്ദർശിക്കുകയും മാസ്ക്കുകൾ, ബ്ലീച്ചിംഗ് പൌഡർ എന്നിവ പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സൌജന്യമായി നൽകുകയും ചെയ്തു.



## 2.സമൂഹ അടുക്കള/ ജനകീയ ഹോട്ടൽ.

അഞ്ചൽ പഞ്ചായത്ത് ഓഫീസിനു സമീപത്തായി പ്രവർത്തിക്കുന്ന മാളു ഹോട്ടലിൽ, 2020- മാർച്ച് 28 മുതൽസമൂഹ അടുക്കള പ്രവർത്തനം തുടങ്ങി. ഏപ്രിൽ 4 മുതൽഇത് ജമകീയ ഹോട്ടലായി മാറുകയും ചെയ്തു. സമൂഹ അടുക്കളയിലേക്ക് ആവശ്യമായ പച്ചക്കറികൾ ഓരോ വാർഡിലേയും സംഘകൃഷി യൂണിറ്റുകൾകുടുംബശ്രീ അംഗങ്ങൾഎന്നിവർസൌജന്യമായി നൽകി. വയോജനങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ ഉള്ളവർ, അതിഥി തൊഴിലാളികൾ എന്നിവർക്ക് സൌജന്യമായി ഭക്ഷണമെത്തിച്ചു നൽകുകയും ചെയ്തു.




## 3.മാസ്ക്, തുണിസഞ്ചിനിർമ്മാണവും വിതരണവും.

ന്യായവിലയിൽ വിവിധ തരത്തിലുള്ള തുണി സഞ്ചികളും, മാസ്കുകളും നിർമ്മിക്കുന്നതിന് സിഡിഎസ്സ് നേതൃതം നൽകിയിട്ടുണ്ട്.



**മികച്ച പ്രവർത്തനങ്ങൾ.**

- കൃഷിഭവനുമായി സഹകരിച്ച് കൃഷിവ്യാപനത്തിന്റെ ഭാഗമായി സിഡിഎസ്സിന്റെ നേതൃത്വത്തിൽഎല്ലാ വീടുകളിലും പച്ചക്കറി വിത്തുക്കൾ എത്തിച്ചു കൊടുത്തു.
- ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യക്കിറ്റുകൾ, പച്ചക്കറിക്കിറ്റുകൾ എന്നിവ വീടുകളിൽഎത്തിച്ചു നൽകി.
- കോവിഡ് അനന്തരം സംസ്ഥാനത്തെ ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാമസർക്കാർപ്രഖ്യാപിച്ച "സുഭിക്ഷകേരളം" പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കമ്മിറ്റികൾ ഇപ്പോൾപഞ്ചായത്തിൽനടന്നു വരുന്നു.
- മഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതിപ്രകാരം 270 ഗ്രൂപ്പുകൾക്കുള്ള അപേക്ഷ വിവിധ ബാങ്കുകളിൽ സമർപ്പിക്കുകയും, ഏകദേശം 30 ഗ്രൂപ്പുകൾക്ക് അത് ലഭ്യമാകുകയും ചെയ്തു. വായ്പാ പദ്ധതിയുടെ പഞ്ചായത്ത്തല ഉദ്ഘാടനം ബഹു.വനം വകുപ്പുമന്ത്രി കെ രാജു നിർവ്വഹിച്ചു.




കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള പഞ്ചായത്തിന്റെ കർമ്മ പദ്ധതികളിൽ, സിഡിഎസ്, എഡിഎസ്സ് അംഗങ്ങൾകാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ പ്രകടമായ ജാഗ്രതയും സമർപ്പണമനസ്കതയും ഇതേ നിലയിൽഇനിയുള്ള നാളുകളിലും തുടർന്നുകൊണ്ട് ഏതു പ്രതിസന്ധിയിലും കുടുംബശ്രീ പ്രവർത്തകർസമൂഹത്തിൽഉണ്ടാകും

<u>തയ്യാറാക്കിയത്</u>

ഇജിലേഖ. വി.എൻ<br>
ബ്ലോക്ക് കോഓർഡിനേറ്റർ. (സംരംഭം)<br>
അഞ്ചൽ ബ്ലോക്ക്.